കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ഗ്രാററുവിററി കൊടുക്കൽ ആക്ററ്, 1972

**(1972-ലെ 39-ാംനമ്പർ ആക്ററ്)**

(11-11-1975-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനു വേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഗ്രാററുവിററി കൊടുക്കൽ ആക്ററ്, 1972

(1972-ലെ 39-ാംനമ്പർ ആക്ററ്)

(11-11-1975-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

# ഗ്രാററുവിററി കൊടുക്കൽ ആക്ററ്, 1972

(1972-ലെ 39)

ഫാക്ടറികളിലോ ഖനികളിലോ, എണ്ണപ്പാടങ്ങളിലോ, തോട്ടങ്ങളിലോ, തുറമുഖങ്ങളിലോ, റയിൽവേ കമ്പനികളിലോ, ഷാപ്പുകളിലോ അല്ലെങ്കിൽ മററു സ്ഥാപനങ്ങളിലോ ഏർപ്പെടുത്തിയിട്ടുളള ജോലിക്കാർക്ക് ഗ്രാററുവിററി കൊടുക്കുന്നതിനുളള ഒരു പദ്ധതിക്കും, കൊടുക്കുന്നതിനോടു ബന്ധപ്പെട്ടതോ, അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാനുളള ആക്ററ്

(1972 ആഗസ്ററ്, 21)

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിമൂന്നാം സംവൽസരം പാർലമെന്റ് ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകമാകലും പ്രാരംഭവും.—(1) ഈ ആക്ററിന്, ഗ്രാററുവിററി കൊടുക്കൽ ആക്ററ്, 1972 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതാണ്:

എന്നാൽ തോട്ടങ്ങളേയും തുറമുഖങ്ങളേയും സംബന്ധിക്കുന്നിടത്തോളം, ഇത് ജമ്മു-കാശ്മീർ സ്റേററിലേയ്ക്ക് വ്യാപിക്കുന്നതല്ല.

(3) ഇത്—

(ക) ഏതൊരു ഫാക്ടറിക്കും, ഖനിക്കും, എണ്ണപ്പാടത്തിനും, തോട്ടത്തിനും, തുറമുഖത്തിനും, റയിൽവേ കമ്പനിക്കും;

(ഖ) ഒരു സ്റേററിലെ ഷാപ്പുകളും സ്ഥാപനങ്ങളും സംബന്ധിച്ച്, തത്സമയം പ്രാബല്യത്തിലുളള ഏതെങ്കിലും നിയമത്തിന്റെ അർത്ഥത്തിലുളളതും, പത്തോ അതിലധികമോ ആളുകളെ നിയോജിച്ചിരിക്കുന്നതോ അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ടു മാസത്തിനുളളിൽ ഏതെങ്കിലും ദിവസം നിയോജിച്ചിട്ടുണ്ടായിരുന്നതോ ആയതുമായ ഏതൊരു ഷാപ്പിനും അല്ലെങ്കിൽ സ്ഥാപനത്തിനും ;

(ഗ) പത്തോ അതിലധികമോ ജോലിക്കാരെ നിയോജിച്ചിരിക്കുന്നതോ, അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ടു മാസത്തിനുളളിൽ ഏതെങ്കിലും ദിവസം നിയോജിച്ചിട്ടുണ്ടായിരുന്നതോ ആയതും കേന്ദ്രഗവൺമെന്റ് വിജ്ഞാപനം വഴി ഇതിലേക്ക് വിനിർദേശിക്കുന്നതുമായ മററ് സ്ഥാപനങ്ങൾക്കും അല്ലെങ്കിൽ തരം സ്ഥാപനങ്ങൾക്കും,

ബാധകമായിരിക്കുന്നതാണ്.

(4) ഇത് കേന്ദ്രഗവൺമെന്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽവരുന്നതാകുന്നു.

2. നിർവചനങ്ങൾ.—ഈ ആക്ററിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം—

(ക) ''സമുചിത ഗവൺമെൻറി'' ന്,—

(i) (ക) കേന്ദ്രഗവൺമെന്റിന്റെ വകയായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ,

(ഖ) ഒന്നിലധികം സ്റ്റേറ്റുകളിലായി ശാഖകൾ ഉള്ളതോ,

(ഗ) കേന്ദ്രഗവൺമെന്റിന്റെ വകയായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഫാക്ടറിയുടേതോ,

(ഘ) ഒരു വൻകിട തുറമുഖത്തിന്റേതോ ഖനിയുടേതോ എണ്ണപ്പാടത്തിന്റേതോ റയിൽവേ കമ്പനിയുടേതോ,

ആയ ഒരു സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം, കേന്ദ്രഗവൺമെന്റ് എന്നും,

(ii) മറ്റേതെങ്കിലും സംഗതിയിൽ സ്റ്റേറ്റ്ഗവൺമെന്റ് എന്നും, അർത്ഥമാകുന്നു ;

(ഖ) "സേവനത്തിന്റെ പൂർത്തീകരിക്കപ്പെട്ട വർഷ"ത്തിന് ഒരു വർഷത്തെ തുടർച്ചയായ സേവനം എന്നർത്ഥമാകുന്നു ;

(ഗ) "തുടർച്ചയായ സേവന"ത്തിന്, ഇടതടവില്ലാത്ത സേവനം എന്നർത്ഥമാകുന്നതും, അതിൽ രോഗത്താലോ അപകടത്താലോ അവധിയാലോ ലേ ആഫിനാലോ പണിമുടക്കിനാലോ ലാക്കൗട്ടിനാലോ, ബന്ധപ്പെട്ട ജോലിക്കാരന്റെ ഏതെങ്കിലും വീഴ്ചമൂലമല്ലാത്ത പ്രവൃത്തി അവസാനിപ്പിക്കലിനാലോ ഇടതടവുണ്ടാകുന്ന സേവനം, അങ്ങനെയുള്ള ഇടതടവുള്ളതോ ഇല്ലാത്തതോ ആയ സേവനം ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ ചെയ്തതായിരുന്നാലും, ഉൾപ്പെടുന്നതുമാകുന്നു.

വിശദീകരണം I.– ഒരു വർഷത്തെ ഇടതടവില്ലാത്ത സേവനത്തിൽ ഇല്ലാത്ത ഒരു ജോലിക്കാരന്റെ സംഗതിയിൽ, ഒരു നിയോജകൻ അയാളെ ആ വർഷത്തിന് തൊട്ടുമുമ്പുള്ള പന്ത്രണ്ടുമാസക്കാലത്തിനിടയിൽ—

(i) ഒരു ഖനിയിൽ ഭൂമിക്കടിയിൽ നിയോജിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ, 190 ദിവസത്തിലോ, അല്ലെങ്കിൽ

(ii) അയാൾ കാലികമായ ഒരു സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിരിക്കുമ്പോൾ ഒഴികെയുള്ള മറ്റേതെങ്കിലും സംഗതിയിൽ, 240 ദിവസത്തിലോ, കുറയാതെ യഥാർത്ഥമായി നിയോജിച്ചിട്ടുണ്ടെങ്കിൽ ആയാൾ തുടർച്ചയായ സേവനത്തിൽ ഉള്ളതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം II.– കാലികമായ ഒരു സ്ഥാപനത്തിലെ ഒരു ജോലിക്കാരൻ, ആ സ്ഥാപനം, ആ വർഷത്തിൽ പ്രവർത്തനത്തിലുണ്ടായിരുന്ന ദിവസങ്ങളിൽ എഴുപത്തഞ്ച് ശതമാനത്തിൽ കുറയാതെ, യഥാർത്ഥമായി പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിൽ അയാൾ തുടർച്ചയായുള്ള സേവനത്തിൽ ഉള്ളതായി കരുതപ്പെടുന്നതാകുന്നു.

(ഘ) "നിയന്ത്രണാധികാരസ്ഥാന"ത്തിന്, സമുചിത ഗവൺമെന്റ് 3-ാംവകുപ്പിൻകീഴിൽ നിയമിക്കുന്ന ഒരു അധികാരസ്ഥാനം എന്നർത്ഥമാകുന്നു.

(ങ) "ജോലിക്കാരൻ"ന്, ഏതെങ്കിലും സ്ഥാപനത്തിലോ, ഫാക്ടറിയിലോ, ഖനിയിലോ എണ്ണപ്പാടത്തിലോ, തോട്ടത്തിലോ, തുറമുഖത്തിലോ, റയിൽവേകമ്പനിയിലോ, ഷാപ്പിലോ ഏതെങ്കിലും വിദഗ്ദ്ധമോ, അർദ്ധവിദഗ്ദ്ധമോ, അവിദഗ്ദ്ധമോ, ശാരീരികമോ, മേൽനോട്ടം സംബന്ധിച്ചതോ, സാങ്കേതികമോ ക്ലാർക്കിന്റേതോ ആയ ഏതെങ്കിലും പ്രവൃത്തിയിൽ പ്രതിമാസം ആയിരം രൂപയിൽ കവിയാത്ത കൂലിയിൻമേൽ നിയോജിക്കപ്പെടുന്ന

(അപ്രന്റീസ് അല്ലാത്ത) ഏതെങ്കിലും ആൾ അങ്ങനെയുള്ള നിയോജനത്തിന്റെ നിബന്ധനകൾ പ്രകടമോ വ്യംഗ്യമോ ആയാലും, എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ മാനേജരുടേയോ ഭരണകർത്താവിന്റേയോ നിലയിൽ നിയോജിക്കപ്പെടുന്നതോ കേന്ദ്രഗവൺമെന്റിന്റേയോ ഒരു സ്റ്റേറ്റുഗവൺമെന്റിന്റേയോ കീഴിൽ സിവിൽതസ്തികയിൽ ഉദ്യോഗം വഹിക്കുന്നതോ വ്യോമസേനാ ആക്റ്റ്, 1950 (1950-ലെ 45)-നോ, കരസേനാ ആക്റ്റ്, 1950(1950-ലെ 46)-നോ, നാവികസേനാ ആക്റ്റ്, 1957 (1957-ലെ 62)-നോ വിധേയനായിട്ടുള്ളതോ ആയ അങ്ങനെയുള്ള ഏതെങ്കിലും ആൾ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം.—പ്രതിമാസം ആയിരം രൂപയിൽ കവിയാത്ത കൂലിയിൻമേൽ അഞ്ചുവർഷത്തിൽ കുറയാത്ത കാലം നിയോജിക്കപ്പെട്ടിരുന്നിരിക്കേ, അതിനുശേഷം ഏതെങ്കിലും സമയം പ്രതിമാസം ആയിരം രൂപയിൽ കവിയുന്ന കൂലിയിൻമേൽ നിയോജിക്കപ്പെടുന്ന ജോലിക്കാരന്റെ സംഗതിയിൽ, അയാൾ പ്രതിമാസം ആയിരം രൂപയിൽ കവിയാത്ത കൂലിയിൻമേൽ നിയോജിക്കപ്പെട്ടിരുന്നകാലം സംബന്ധിച്ച ഗ്രാറ്റുവിറ്റി, അയാൾക്ക് ആ കാലത്ത് കിട്ടിയ കൂലിയുടെ അടിസ്ഥാനത്തിൽ നിജപ്പെടുത്തേണ്ടതാകുന്നു.

(ച) "നിയോജക"ന്, ഏതെങ്കിലും സ്ഥാപനമോ, ഫാക്റ്ററിയോ, ഖനിയോ, എണ്ണപ്പാടമോ, തോട്ടമോ, തുറമുഖമോ, റയിൽവേകമ്പനിയോ, ഷാപ്പോ സംബന്ധിച്ച് അത്—

(i) കേന്ദ്രഗവൺമെന്റിന്റേയോ ഒരു സ്റ്റേറ്റ്ഗവൺമെന്റിന്റേയോ വകയായതോ നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ സംഗതിയിൽ ജോലിക്കാരുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി സമുചിതഗവൺമെന്റ് നിയമിക്കുന്ന ആളോ അധികാരസ്ഥാനമോ, അപ്രകാരം ആളേയോ അധികാരസ്ഥാനത്തേയോ നിയമിച്ചിട്ടില്ലാത്തിടത്ത്, ബന്ധപ്പെട്ട മന്ത്രികാര്യാലയത്തിന്റേയോ വകുപ്പിന്റേയോ അദ്ധ്യക്ഷനോ എന്നും;

(ii) അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെ വകയായതോ, നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ സംഗതിയിൽ ജോലിക്കാരുടെ മേൽ നോട്ടത്തിനും നിയന്ത്രണത്തിനുമായി അങ്ങനെയുള്ള അധികാരസ്ഥാനം നിയമിക്കുന്ന ആളോ, അപ്രകാരം ആളെ നിയമിച്ചിട്ടില്ലാത്തിടത്ത്, തദ്ദേശാധികാരസ്ഥാനത്തിന്റെ മുഖ്യനിർവ്വാഹക ഉദ്യോഗസ്ഥനോ എന്നും,

(iii) മറ്റേതെങ്കിലും സംഗതിയിൽ ആ സ്ഥാപനത്തിന്റേയോ, ഫാക്ടറിയുടേയോ, ഖനിയുടേയോ, എണ്ണപ്പാടത്തിന്റേയോ, തോട്ടത്തിന്റേയോ, തുറമുഖത്തിന്റേയോ, റയിൽവേകമ്പനിയുടേയോ ഷാപ്പിന്റേയോ കാര്യങ്ങളുടെ മേൽ അന്തിമമായ നിയന്ത്രണമുള്ള ആളോ അധികാരസ്ഥാനമോ, എന്നും മുൻ പറഞ്ഞ കാര്യങ്ങൾ മറ്റേതെങ്കിലും ആൾക്ക്, അയാൾക്ക് മാനേജർ എന്നോ മാനേജിങ്ങ് ഡയറക്റ്റർ എന്നോ മറ്റേതെങ്കിലുമോ പേരു പറഞ്ഞാലും, ഭരമേല്പിച്ചിട്ടുള്ളപ്പോൾ അങ്ങനെയുള്ള ആൾ എന്നും,

അർത്ഥമാകുന്നു.

(ഛ) "ഫാക്റ്ററി"യ്ക്ക്, ഫാക്റ്ററി ആക്റ്റ്, 1948 (1948-ലെ 63) 2-ാം വകുപ്പ് (ഡ) ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ജ) "കുടുംബം" ഒരു ജോലിക്കാരനെ സംബന്ധിച്ചിടത്തോളം—

(i) ജോലിക്കാരൻ ആൺ ആയിട്ടുള്ള സംഗതിയിൽ, അയാളും അയാളുടെ ഭാര്യയും അയാളുടെ മക്കളും, വിവാഹിതരോ അവിവാഹിതരോ ആയാലും, ആശ്രിതരായ അയാളുടെ മാതാപിതാക്കൻമാരും, അയാളുടെ മുൻപേ മരിച്ചുപോയിട്ടുള്ള മകന്റെ വിധവയും, മക്കളും ആയി വല്ലവരും ഉണ്ടെങ്കിൽ, അവരും;

(ii) ജോലിക്കാരൻ പെൺ ആയിട്ടുള്ള സംഗതിയിൽ, അവളും അവളുടെ ഭർത്താവും അവളുടെ മക്കളും, വിവാഹിതരോ അവിവാഹിതരോ ആയാലും, ആശ്രിതരായ അവളുടെ മാതാപിതാക്കൻമാരും ആശ്രിതരായ അവളുടെ ഭർത്താവിന്റെ മാതാപിതാക്കൻമാരും, അവളുടെ മുൻപേ മരിച്ചുപോയ മകന്റെ വിധവയും, മക്കളും ആയി വല്ലവരും ഉണ്ടെങ്കിൽ അവരും,

അടങ്ങുന്നതായി കരുതപ്പെടുന്നതാണ്:

എന്നാൽ ഒരു ജോലിക്കാരി, തന്റെ കുടുംബത്തിൽ നിന്ന് തന്റെ ഭർത്താവിനെ ഒഴിച്ചുനിറുത്താനുള്ള തന്റെ ആഗ്രഹം നിയന്ത്രണാധികാരസ്ഥാനത്തിനുള്ള ലിഖിതമായ നോട്ടീസ് വഴി പ്രകടിപ്പിക്കുന്നുവെങ്കിൽ, അതിനുമേൽ അങ്ങനെയുള്ള ജോലിക്കാരിയുടെ കുടുംബത്തിൽ, മുൻപറഞ്ഞ നോട്ടീസ് അവരം പിന്നീട് പിൻവലിക്കാത്തപക്ഷം, ഭർത്താവും ആശ്രിതരായ അയാളുടെ മാതാപിതാക്കൻമാരും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഉൾപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

വിശദീകരണം.—ഒരു ജോലിക്കാരന്റെ വ്യക്തിനിയമം, അയാൾ കുട്ടിയെ ദത്തെടുക്കുന്നത് അനുവദിക്കുന്നിടത്ത്, അയാൾ നിയമാനുസൃതം ദത്തെടുക്കുന്ന ഏതെങ്കിലും കുട്ടി അയാളുടെ കുടുംബത്തിൽ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും, ജോലിക്കാരന്റെ കുട്ടിയെ മററാരാൾ ദത്തെടുക്കുകയും അങ്ങനെയുള്ള ദത്തെടുപ്പ്, അങ്ങനെ ദത്തെടുക്കുന്ന ആളുടെ വ്യക്തി നിയമത്തിൻ കീഴിൽ നിയമാനുസൃതമായിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള കുട്ടി ആ ജോലിക്കാരന്റെ കുടുംബത്തിൽ നിന്ന് ഒഴിച്ചുനിറുത്തപ്പെട്ടതായി കരുതപ്പെടുന്നതും ആണ്.

(ഝ) "വൻകിടതുറമുഖ" ത്തിന് ഇൻഡ്യൻ തുറമുഖആക്റ്റ്, 1908 (1908–ലെ 15) 3–ാം വകുപ്പ് (6)–ാം ഖണ്ഡത്തിൽ അതിനു നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഞ) "ഖനി"യ്ക്ക് ഖനി ആക്റ്റ്, 1952 (1952–ലെ 32) 2–ാം വകുപ്പ് (1)–ാം ഉപവകുപ്പിലെ (ഞ) ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ട) "വിജ്ഞാപന"ത്തിന് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

(ഠ) "എണ്ണപ്പാട"ത്തിന് എണ്ണപ്പാടങ്ങൾ (ക്രമപ്പെടുത്തലും‌വികസനവും) ആക്റ്റ്, 1948 (1948–ലെ 53) 3–ാം വകുപ്പ് (ങ) ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഡ) "തോട്ട"ത്തിന് തോട്ടതൊഴിൽ ആക്റ്റ്, 1951 (1951–ലെ 69) 2–ാം വകുപ്പ് (ച) ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഢ) "തുറമുഖ"ത്തിന് ഇൻഡ്യൻ തുറമുഖങ്ങൾ ആക്റ്റ്, 1908, 3–ാം വകുപ്പ് (4)–ാം ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ണ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിക്കുന്ന ചട്ടങ്ങൾ വഴി നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു;

(ത) "റയിൽവേകമ്പനി"യ്ക്ക് ഇൻഡ്യൻ റയിൽവേ ആക്ററ്, 1890, (1890-ലെ 9) 3-ാം വകുപ്പ് (5)-ാം ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഥ) "സേവനവിരാമ"ത്തിന് പ്രായപരിധിയെത്തുന്നതിനാലല്ലാതെ ജോലിക്കാരന്റെ സേവനം അവസാനിക്കുന്നത് എന്ന് അർത്ഥമാകുന്നു;

(ദ) "പ്രായപരിധിയെത്ത"ലിന്, ഒരു ജോലിക്കാരനെ സംബന്ധിച്ചിടത്തോളം,—

(i) ജോലിക്കാരന് ഏത് വയസ്സ് എത്തുമ്പോഴാണ് നിയോജനത്തിൽ നിന്ന് ഒഴിയേണ്ടതായി, സേവന കാൺട്രാക്ററിനോ സേവനവ്യവസ്ഥകളിലോ നിജപ്പെടുത്തിയിട്ടുള്ളത്, ആ വയസ്സ് എത്തുന്നത് എന്നും,

(ii) മറേറതെങ്കിലും സംഗതിയിൽ ജോലിക്കാരന് അമ്പത്തെട്ടു വയസ്സ് എത്തുന്നത് എന്നും,

അർത്ഥം ആകുന്നു.

(ധ) " കൂലി " എന്നാൽ ജോലിക്കാരൻ ഡ്യൂട്ടിയിൽ ആയിരിക്കുമ്പോഴോ അല്ലെങ്കിൽ തന്റെ നിയോജനത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് അവധിയിൽ ഇരിക്കുമ്പോഴോ, ആർജ്ജിക്കുന്നതും, അയാൾക്ക് പണമായി കൊടുക്കുന്നതോ കൊടുക്കാനുള്ളതോ ആയതും ആയ എല്ലാ ഉപലബ്ധികളും എന്നർത്ഥമാകുന്നതും, അതിൽ ക്ഷാമബത്ത ഉൾപ്പെടുകയും, എന്നാൽ ഏതെങ്കിലും ബോണസ്സും, കമ്മിഷനും, വീട്ടുവാടകബത്തയും, ഓവർടൈം കൂലിയും മറേറതെങ്കിലുംബത്തയും ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നതും ആകുന്നു.

(3) നിയന്ത്രണാധികാരസ്ഥാനം.— സമുചിതഗവൺമെൻറിന്, വിജ്ഞാപനംവഴി, ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയന്ത്രണാധികാരസ്ഥാനമായി നിയമിക്കാവുന്നതും അയാൾ ഈ ആക്ററിന്റെ പ്രശാസനത്തിന് ഉത്തരവാദിയായിരിക്കുന്നതും വ്യത്യസ്ത പ്രദേശങ്ങൾക്ക് വ്യത്യസ്ത നിയന്ത്രണാധികാരസ്ഥാനങ്ങളെ നിയമിക്കാവുന്നതും ആണ്.

4. ഗ്രാററുവിററികൊടുക്കൽ.— (1) ഒരു ജോലിക്കാരന്, താൻ അഞ്ചുവർഷത്തിൽകുറയാതെ തുടർച്ചയായുള്ള സേവനം നല്കിയതിനുശേഷം തന്റെ നിയോജനം,—

(ക) താൻ അധിവർഷതയെത്തുമ്പോഴോ,

(ഖ) താൻ ഉദ്യോഗത്തിൽ നിന്ന് വിരമിക്കുകയോ രാജി വയ്ക്കുകയോ ചെയ്യുമ്പോഴോ,

(ഗ) താൻ മരിക്കുകയോ അപകടമോ രോഗമോ കാരണം അവശതയിലാകുകയോ ചെയ്യുമ്പോഴോ, തന്റെ നിയോജനം അവസാനിക്കുന്നതിൻമേൽ ഗ്രാററുവിററി കൊടുക്കേണ്ടതായിരിക്കുന്നതാണ്:

എന്നാൽ ഏതെങ്കിലും ജോലിക്കാരന്റെ നിയോജനം അവസാനിക്കുന്നത് മരണമോ, അവശതയോ കാരണമായിട്ടുള്ളിടത്ത് അഞ്ചുവർഷത്തെ തുടർച്ചയായ സേവനത്തിന്റെ പൂർത്തീകരണം ആവശ്യമായിരിക്കുന്നതല്ല.

എന്നുമാത്രമല്ല, ജോലിക്കാരന്റെ മരണത്തിന്റെ സംഗതിയിൽ, അയാൾക്കു കൊടുക്കേണ്ട ഗ്രാററുവിററി, അയാളുടെ നിർദിഷ്ട നാമാവിനോ നാമനിർദേശം ചെയ്തിട്ടില്ലെങ്കിൽ, അയാളുടെ അനന്തരാവകാശികൾക്കോ കൊടുക്കേണ്ടതാകുന്നു.

(1) വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് അവശത എന്നാൽ, അങ്ങനെയുള്ള അവശത ഏതു അപകടത്തിന്റേയോ രോഗത്തിന്റേയോ ഫലമാണോ, ആ അപകടത്തിനോ രോഗത്തിനോ മുൻപ് തനിക്ക് നിർവ്വഹിക്കാൻ കഴിയുമായിരുന്ന പ്രവൃത്തിക്ക് ജോലിക്കാരന് കഴിവില്ലാതാക്കിത്തീർക്കുന്ന അവശത എന്ന് അർത്ഥമാകുന്നു.

(2) സേവനത്തിന്റെ ഏതൊരു പൂർത്തീകരിക്കപ്പെട്ട വർഷത്തിനും അല്ലെങ്കിൽ അതിന്റെ ആറുമാസത്തിൽ കവിയുന്ന ഭാഗത്തിനും, നിയോജകൻ, ജോലിക്കാരന്, ബന്ധപ്പെട്ട ജോലിക്കാരൻ ഒടുവിൽ വാങ്ങിയ കൂലിയുടെ നിരക്ക് അടിസ്ഥാനമാക്കിയുള്ള പതിനഞ്ചുദിവസത്തെ കൂലിയുടെ നിരക്കിൽ ഗ്രാററുവിററി കൊടുക്കേണ്ടതാകുന്നു:

എന്നാൽ പീസ്നിരക്കുകാരനായ ജോലിക്കാരന്റെ സംഗതിയിൽ ദിവസക്കൂലി അയാളുടെ നിയോജനം അവസാനിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്നുമാസത്തെ കാലത്തേയ്ക്ക് അയാൾക്ക് കിട്ടിയ ആകെ കൂലിയുടെ ശരാശരിയിൻമേൽ കണക്കുകൂട്ടേണ്ടതും, ഈ ആവശ്യത്തിലേയ്ക്ക്, ഏതെങ്കിലും ഓവർടൈം പ്രവൃത്തിക്ക് കൊടുക്കുന്ന കൂലി കണക്കിലെടുക്കാൻ പാടില്ലാത്തതുമാകുന്നു:

എന്നുമാത്രമല്ല, കാലികമായ സ്ഥാപനത്തിൽ നിയോജിക്കപ്പെടുന്ന ജോലിക്കാരന്റെ സംഗതിയിൽ നിയോജകൻ ഓരോ കാലത്തേയ്ക്കും ഏഴുദിവസത്തെ കൂലിയെന്ന നിരക്കിൽ ഗ്രാററുവിററി കൊടുക്കേണ്ടതാകുന്നു.

(3) ജോലിക്കാരന് കൊടുക്കേണ്ട ഗ്രാററുവിററിയുടെ തുക, ഇരുപതു മാസത്തെ കൂലിയിൽ കവിയാൻ പാടുള്ളതല്ല.

(4) തന്റെ അവശതയ്ക്കുശേഷം ചുരുക്കിയ കൂലിക്ക് നിയോജിക്കപ്പെട്ടിട്ടുള്ള ജോലിക്കാരന് കൊടുക്കേണ്ട ഗ്രാററുവിററി കണക്കുകൂട്ടുന്ന ആവശ്യത്തിന്, അയാളുടെ അവശതയ്ക്കു മുൻപുള്ള കാലത്തേക്കുള്ള അയാളുടെ കൂലി, ആ കാലത്ത് അയാൾക്ക് കിട്ടിയിട്ടുള്ള കൂലിയായി കണക്കിലെടുക്കുന്നതും, അയാളുടെ അവശതക്കു പിന്നീടുള്ള കാലത്തേക്കുള്ള അയാളുടെ കൂലി അപ്രകാരം ചുരുക്കിയ കൂലിയായി കണക്കിലെടുക്കുന്നതും ആകുന്നു.

(5) ഈ വകുപ്പിലെ യാതൊന്നും ജോലിക്കാരന് ഏതെങ്കിലും അവാർഡിന്നോ തന്റെ നിയോജകനുമായുള്ള ഏതെങ്കിലും കരാറിന്നോ കാൺട്രാക്ററിന്നോ കീഴിൽ കൂടുതൽ മെച്ചപ്പെട്ട ഗ്രാററുവിററി വ്യവസ്ഥകൾ കിട്ടാനുള്ള അവകാശത്തെ ബാധിക്കുന്നതല്ല.

(6) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, —

(ക) നിയോജകന്റെ വകയായ വസ്തുവിന് ഏതെങ്കിലും നാശനഷ്ടമോ, നഷ്ടമോ, അതിന്റെ നാശമോ ഉണ്ടാകുന്ന ഏതെങ്കിലും കൃത്യത്തിന്നോ മനഃപൂർവ്വമായ കൃത്യവിലോപത്തിന്നോ ഉപേക്ഷയ്ക്കോ സേവനം അവസാനിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ജോലിക്കാരന്റെ ഗ്രാററുവിററി, അപ്രകാരം ഉണ്ടായിട്ടുള്ള നാശനഷ്ടത്തോളമോ, നഷ്ടത്തോളമോ നഷ്ടപ്പെടുന്നതാകുന്നു.

(ഖ) ഒരു ജോലിക്കാരന് കൊടുക്കേണ്ട ഗ്രാററുവിററി, —

(i) അങ്ങനെയുള്ള ജോലിക്കാരന്റെ സേവനം അയാളുടെ, ലഹളയുടെ പ്രകൃതമുള്ളതോ ക്രമരഹിതമോ ആയ പെരുമാററത്തിന്നോ അയാളുടെ ഭാഗത്തുനിന്നുമുള്ള മറേറതെങ്കിലും അക്രമപരമായ കൃത്യത്തിന്നോ അവസാനിപ്പിച്ചിട്ടുള്ളതാണെങ്കിലോ,

(ii) അങ്ങനെയുള്ള ജോലിക്കാരൻെറ സേവനം, സാൻമാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന കുററമാക്കുന്ന ഏതെങ്കിലും കൃത്യത്തിന് അവസാനിപ്പിച്ചിട്ടുള്ളതാണെങ്കിലോ. —എന്നാൽ അതിന് അങ്ങനെയുള്ള കുററം അയാൾ തൻെറ നിയോജനത്തിൻെറ ഗതിയിൽ ചെയ്തിട്ടുള്ളതായിരിക്കണം.—
മുഴുവനും നഷ്ടപ്പെടുന്നതാകുന്നു.

5. ഒഴിവാക്കാനുള്ള അധികാരം.—സമുചിതഗവൺമെൻറിന്, അതിൻെറ അഭിപ്രായത്തിൽ, ഈ ആക്ററ് ബാധകമായിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിലേയോ, ഫാക്ടറിയിലേയോ, ഖനിയിലേയോ, എണ്ണപ്പാടത്തിലേയോ, തോട്ടത്തിലേയോ, തുറമുഖത്തിലേയോ, റയിൽവേകമ്പനിയിലേയോ, ഷാപ്പിലേയോ, ജോലിക്കാർക്ക്, ഈ ആക്ററിൻകീഴിൽ നല്കപ്പെടുന്ന ഗുണാനുഭവങ്ങളേക്കാൾ ആനുകൂല്യം കുറഞ്ഞതല്ലാത്ത ഗ്രാററുവിററിയോ പെൻഷൻസംബന്ധിച്ച ഗുണാനുഭവങ്ങളോ കിട്ടിക്കൊണ്ടിരിക്കുന്നുവെങ്കിൽ അങ്ങനെയുള്ള സ്ഥാപനത്തേയോ, ഫാക്ടറിയേയോ, ഖനിയേയോ, എണ്ണപ്പാടത്തേയോ, തോട്ടത്തേയോ, തുറമുഖത്തേയോ, റയിൽവേകമ്പനിയേയോ, ഷാപ്പിനേയോ ഈ ആക്ററിലെ വ്യവസ്ഥകളുടെ പ്രവർത്തനത്തിൽനിന്ന് വിജ്ഞാപനം വഴിയും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും, ഒഴിവാക്കാവുന്നതാണ്.

6. നാമനിർദ്ദേശം.—(1) ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ഏതൊരുജോലിക്കാരനും, നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും ഫാറത്തിലും രീതിയിലും, 4–ാം വകുപ്പ് (1)–ാം ഉപവകുപ്പിലെ രണ്ടാം പരിമിതി വ്യവസ്ഥയുടെ ആവശ്യത്തിനുള്ള നാമനിർദ്ദേശം ചെയ്യേണ്ടതാകുന്നു.

(2) ജോലിക്കാരന്, തൻെറ നാമനിർദ്ദേശത്തിൽ, ഈ ആക്ററിൻ കീഴിൽ തനിക്ക് കിട്ടേണ്ട ഗ്രാററുവിററിയുടെ തുക ഒന്നിലധികം നിർദ്ദിഷ്ട നാമാക്കൾക്കിടയിൽ വീതിക്കാവുന്നതാകുന്നു.

(3) ജോലിക്കാരന്, നാമനിർദ്ദേശം ചെയ്യുന്ന സമയത്ത്, കുടുംബം ഉണ്ടെങ്കിൽ, നാമനിർദ്ദേശം അയാളുടെ കുടുംബത്തിലെ ഒന്നോ അതിലധികമോ അംഗങ്ങളുടെ പേർക്ക് ചെയ്യേണ്ടതും, അങ്ങനെയുള്ള ജോലിക്കാരൻ തൻെറ കുടുംബത്തിലെ അംഗമല്ലാത്ത ആളുടെ പേർക്ക് ചെയ്യുന്ന ഏതെങ്കിലും നാമനിർദ്ദേശം, അസാധുവായിരിക്കുന്നതുമാകുന്നു.

(4) നാമനിർദ്ദേശം ചെയ്യുന്ന സമയത്ത് ജോലിക്കാരന് കുടുംബമില്ലെങ്കിൽ, നാമനിർദ്ദേശം ഏതെങ്കിലും ആളുടെയോ ആളുകളുടേയോ പേർക്ക് ചെയ്യാവുന്നതും, എന്നാൽ ജോലിക്കാരന് പിന്നീട് കുടുംബം ഉണ്ടാകുന്നുവെങ്കിൽ, അങ്ങനെയുള്ള നാമനിർദ്ദേശം ഉടനടി അസാധുവാകുന്നതും, ജോലിക്കാരൻ തൻെറ കുടുംബത്തിലെ ഒന്നോ അതിലധികമോ അംഗങ്ങളുടെ പേർക്ക് നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ, പുതിയ നാമനിർദ്ദേശം ചെയ്യേണ്ടതുമാകുന്നു.

(5) ജോലിക്കാരന് നാമനിർദ്ദേശം ഭേദപ്പെടുത്താനുള്ള തൻെറ ഉദ്ദേശ്യത്തെക്കുറിച്ച് തൻെറ നിയോജകന്, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും ലിഖിതമായ നോട്ടീസ് നല്കിയശേഷം ഏത് സമയത്തും (3)–ം (4)–ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അപ്രകാരം രൂപഭേദപ്പെടുത്താവുന്നതാണ്.

(6) നിർദ്ദിഷ്ട നാമാവ്, ജോലിക്കാരന് മുമ്പ് മരിക്കുന്നുവെങ്കിൽ നിർദ്ദിഷ്ട നാമാവിൻെറ അവകാശം ജോലിക്കാരന് തിരിച്ചുവരുന്നതും ജോലിക്കാരൻ അങ്ങനെയുള്ള അവകാശം സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ പുതിയ നാമനിർദ്ദേശം ചെയ്യേണ്ടതും ആകുന്നു.

(7) അതതുസംഗതിപോലെ, ഏതൊരു നാമനിർദ്ദേശവും അല്ലെങ്കിൽ പുതിയ നാമനിർദ്ദേശവും അല്ലെങ്കിൽ നാമനിർദ്ദേശം വ്യത്യാസപ്പെടുത്തിയതും, ജോലിക്കാരൻ തന്റെ നിയോജകന് അയച്ചുകൊടുക്കേണ്ടതും, നിയോജകൻ അത് തന്റെ ഭദ്രമായ കസ്റ്റഡിയിൽ വയ്ക്കേണ്ടതുമാകുന്നു.

7. ഗ്രാറ്റുവിറ്റിയുടെ തുക നിശ്ചയിക്കുന്നത്.—(1) ഈ ആക്റ്റിൻ കീഴിൽ ഗ്രാറ്റുവിറ്റി കിട്ടുന്നതിന് അർഹതയുള്ള ആളോ, അല്ലെങ്കിൽ അയാൾക്കുവേണ്ടി പ്രവർത്തിക്കാൻ ലിഖിതമായി പ്രാധികാരം നല്കപ്പെട്ട ഏതെങ്കിലും ആളോ, അങ്ങനെയുള്ള ഗ്രാറ്റുവിറ്റി കിട്ടുന്നതിന് നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും ഫാറത്തിലും നിയോജകന് ലിഖിതമായ അപേക്ഷ അയച്ചുകൊടുക്കേണ്ടതാകുന്നു.

(2) ഗ്രാറ്റുവിറ്റി കൊടുക്കേണ്ടതായിത്തീരുന്ന ഉടനെ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, നിയോജകൻ ഗ്രാറ്റുവിറ്റിയുടെ തുക നിശ്ചയിക്കുകയും, അപ്രകാരം നിശ്ചയിക്കുന്ന തുക വിനിർദ്ദേശിച്ചുകൊണ്ട് ഗ്രാറ്റുവിറ്റി കൊടുക്കപ്പെടേണ്ട ആൾക്കും നിയന്ത്രണാധികാരസ്ഥാനത്തിനും ലിഖിതമായ നോട്ടീസ് കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

(3) നിയോജകൻ, ഗ്രാറ്റുവിറ്റി കൊടുക്കപ്പെടേണ്ട ആൾക്ക് ഗ്രാറ്റുവിറ്റിയുടെ തുക നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ കൊടുക്കുവാൻ ഏർപ്പാട് ചെയ്യേണ്ടതാകുന്നു.

(4) (ക) ഈ ആക്റ്റിൻകീഴിൽ ഒരു ജോലിക്കാരന് കൊടുക്കേണ്ട ഗ്രാറ്റുവിറ്റിയുടെ തുക സംബന്ധിച്ചോ അല്ലെങ്കിൽ ഗ്രാറ്റുവിറ്റി കിട്ടുന്നതിനുള്ള ജോലിക്കാരന്റേയോ ജോലിക്കാരനെ സംബന്ധിച്ചുള്ളതോ ആയ ഏതെങ്കിലും അവകാശവാദത്തിന്റെ അനുവദനീയത സംബന്ധിച്ചോ, അല്ലെങ്കിൽ ഗ്രാറ്റുവിറ്റി വാങ്ങുന്നതിന് അവകാശമുള്ള ആളെ സംബന്ധിച്ചോ ഏതെങ്കിലും തർക്കമുണ്ടെങ്കിൽ, നിയോജകൻ ഗ്രാറ്റുവിറ്റിയായി താൻ കൊടുക്കേണ്ടതാണെന്ന് സമ്മതിക്കുന്നത്ര തുക നിയന്ത്രണാധികാരസ്ഥാനത്ത് ഡെപ്പോസിററ് ചെയ്യേണ്ടതാകുന്നു.

വിശദീകരണം.—ഈ ഖണ്ഡത്തിൽ വിനിർദ്ദേശിച്ച ഏതെങ്കിലും വിഷയം സംബന്ധിച്ച് തർക്കമുള്ളിടത്ത്, ജോലിക്കാരന്, (ഖ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള നടപടി എടുക്കാൻ നിയന്ത്രണാധികാരസ്ഥാനത്തിന് അപേക്ഷ കൊടുക്കാവുന്നതാണ്.

(ഖ) നിയന്ത്രണാധികാരസ്ഥാനം, മുറപ്രകാരമുള്ള അന്വേഷണത്തിനുശേഷവും, തർക്കത്തിലെ കക്ഷികൾക്ക്, പറയാനുള്ളത് പറയാൻ ന്യായമായ അവസരം നല്കിയതിനുശേഷവും, ജോലിക്കാരന് കൊടുക്കേണ്ട ഗ്രാറ്റുവിററിയുടെ തുക നിശ്ചയിക്കേണ്ടതും, അങ്ങനെയുള്ള അന്വേഷണത്തിന്റെ ഫലമായി നിയോജകൻ ഡെപ്പോസിററ്ചെയ്ത തുകയിലും അധികമായി ഏതെങ്കിലും തുക കൊടുക്കേണ്ടതായി കാണുന്നുവെങ്കിൽ, നിയന്ത്രണാധികാരസ്ഥാനം, നിയോജകനോട്, അയാൾ ഡെപ്പോസിററ് ചെയ്തിട്ടുള്ള തുകയിലും അധികമുള്ള ആ തുക കൊടുക്കാൻ നിദേശിക്കേണ്ടതും ആകുന്നു.

(ഗ) നിയന്ത്രണാധികാരസ്ഥാനം ഡെപ്പോസിററ് ചെയ്ത തുക, നിയോജകൻ, അധികത്തുക വല്ലതും ഡെപ്പോസിററ് ചെയ്തിട്ടുണ്ടെങ്കിൽ അതുൾപ്പെടെ, അതിന് അവകാശപ്പെട്ട ആൾക്ക് കൊടുക്കേണ്ടതാകുന്നു.

(ഘ) (ക) ഖണ്ഡത്തിൻകീഴിൽ ഡെപ്പോസിററ് ചെയ്തതിനുശേഷം ആകുന്നത്ര വേഗത്തിൽ നിയന്ത്രണാധികാരസ്ഥാനം ഡെപ്പോസിററു ചെയ്യപ്പെട്ട തുക—

(i) അപേക്ഷകൻ ജോലിക്കാരൻ തന്നെ ആയിരിക്കുന്നിടത്ത്, അപേക്ഷകനോ, അല്ലെങ്കിൽ

(ii) അപേക്ഷകൻ ജോലിക്കാരനല്ലാത്തിടത്ത്, അപേക്ഷകന് ഗ്രാററുവിററിയുടെ തുക വാങ്ങാനുള്ള അവകാശം സംബന്ധിച്ച് തർക്കമില്ലെന്ന് നിയന്ത്രണാധികാരസ്ഥാനത്തിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ ജോലിക്കാരന്റെ നിർദ്ദിഷ്ട നാമാവിനോ, അനന്തരാവകാശിക്കോ,

കൊടുക്കേണ്ടതാകുന്നു.

(5) (4)-ാം ഉപവകുപ്പിൻകീഴിൽ അന്വേഷണവിചാരണ നടത്തുന്ന ആവശ്യത്തിന്, നിയന്ത്രണാധികാരസ്ഥാനത്തിന് താഴെ പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് അതായത്,—

(ക) ഏതെങ്കിലും ആളെ ഹാജരാക്കിക്കുകയോ ശപഥത്തിൻമേൽ വിസ്തരിക്കുകയോ ചെയ്യുന്നത്;

(ഖ) രേഖകൾ വെളിപ്പെടുത്താനും ഹാജരാക്കാനും ആവശ്യപ്പെടുന്നത്;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിക്കുന്നത്,

എന്നിവ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)ൻ കീഴിൽ ഒരു വ്യവഹാരം വിചാരണചെയ്യുമ്പോൾ കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(6) ഈ വകുപ്പിൻകീഴിലുള്ള ഏതൊരു അന്വേഷണവിചാരണയും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860—ലെ 45) 193-ം, 228-ം വകുപ്പുകളുടെ അർത്ഥത്തിലും 196-ാം വകുപ്പിന്റെ ആവശ്യത്തിനും നീതിന്യായനടപടി ആയിരിക്കുന്നതാണ്.

(7) (4)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു ഉത്തരവിനാൽ സങ്കടക്കാരനായ ഏതൊരാൾക്കും, ഉത്തരവു കിട്ടുന്ന തീയതി മുതൽ അറുപതുദിവസത്തിനുള്ളിൽ, സമുചിതഗവൺമെൻറിനോ സമുചിതഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന മററ് അധികാരസ്ഥാനത്തിനോ അപ്പീൽ കൊടുക്കാവുന്നതാണ്:

എന്നാൽ, അതതുസംഗതിപോലെ, സമുചിതഗവൺമെൻറിനോ അപ്പീൽ അധികാരസ്ഥാനത്തിനോ, മുൻപറഞ്ഞ അറുപതുദിവസത്തെ കാലാവധിക്കുള്ളിൽ മതിയായ കാരണത്താൽ അപ്പീൽവാദി അപ്പീൽ കൊടുക്കുന്നതിൽനിന്ന് തടയപ്പെട്ടു എന്ന് ബോധ്യമാകുന്നുവെങ്കിൽ മുൻപറഞ്ഞ കാലാവധി അറുപതുദിവസത്തേക്കുകൂടി നീട്ടികൊടുക്കാവുന്നതാണ്.

(8) അതതുസംഗതിപോലെ, സമുചിതഗവൺമെൻറിനോ അപ്പീൽ അധികാരസ്ഥാനത്തിനോ, അപ്പീലിലെ കക്ഷികൾക്ക്, പറയാനുള്ളതു പറയാൻ ന്യായമായ അവസരം നല്കിയതിനുശേഷം, നിയന്ത്രണാധികാരസ്ഥാനത്തിന്റെ തീരുമാനം, സ്ഥിരപ്പെടുത്തുകയോ, രൂപഭേദപ്പെടുത്തുകയോ മറിച്ചാക്കുകയോ ചെയ്യാവുന്നതാണ്.

8. <u>ഗ്രാററുവിററി വസൂലാക്കൽ.</u> — ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട ഗ്രാററുവിററിയുടെ തുക, നിയോജകൻ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ, അതിന് അവകാശപ്പെട്ട ആൾക്ക് കൊടുക്കുന്നില്ലെങ്കിൽ, നിയന്ത്രണാധികാരസ്ഥാനം, അതിന് സങ്കടക്കാരൻ ഇതിലേക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ, ആ തുകയ്ക്ക് കളക്ടർക്ക് സർട്ടിഫിക്കററ് നല്കേണ്ടതും,

കളക്ററർ ആ തുക, അതിൻമേൽ നിർണ്ണയിക്കപ്പെടുന്ന സമയം കഴിയുന്ന തീയതി മുതൽ, പ്രതിവർഷം ഒൻപതു ശതമാനം നിരക്കിലുള്ള കൂട്ടുപലിശസഹിതം ഭൂമിക്കരക്കുടിശ്ശിക എന്നപോലെ വസൂലാക്കുകയും, അതിന് അവകാശപ്പെട്ട ആറംക്ക് കൊടുക്കുകയും ചെയ്യേണ്ടതും ആകുന്നു.

9. ദണ്ഡനങ്ങൾ.— (1)ഈ ആക്ററിൻകീഴിൽ താൻതന്നെ കൊടുക്കേണ്ട ഏതെങ്കിലും തുക കൊടുക്കാതിരിക്കുന്നതിന് വേണ്ടിയോ, മറേറതെങ്കിലും ആറംക്ക്, അങ്ങനെ കൊടുക്കാതിരിക്കാൻ കഴിയുന്നതിനുവേണ്ടിയോ ബോധപൂർവ്വം ഏതെങ്കിലും വ്യാജപ്രസ്താവനചെയ്യുകയോ, ചെയ്യിക്കുകയോ, എന്തെങ്കിലും വ്യാജമായി ധരിപ്പിക്കുകയോ, ധരിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും, ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവു ശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഈ ആക്ററിലേയോ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിക്കുകയോ, അനുസരിക്കുന്നതിൽ വീഴ്ചവരുത്തുകയോ, ചെയ്യുന്ന നിയോജകൻ ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ കുററം ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട ഏതെങ്കിലും ഗ്രാററുവിററി കൊടുക്കാതിരിക്കുന്നത് സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത്, നിയോജകൻ ആ കുററം വിചാരണചെയ്യുന്ന കോടതിക്ക്, ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, മൂന്നുമാസത്തിലും കുറഞ്ഞ കാലത്തേയ്ക്കുള്ള തടവു ശിക്ഷയോ അല്ലെങ്കിൽ പിഴചുമത്തലോ നീതിയുടെ ലക്ഷ്യം നിർവ്വഹിക്കുമെന്ന് അഭിപ്രായമില്ലാത്തപക്ഷം, ആ കാലത്തിൽ കുറയാത്ത കാലത്തേയ്ക്കുള്ള തടവുനല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

10. ചില സംഗതികളിൽ നിയോജകൻ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കപ്പെടുന്നത്. —നിയോജകൻ ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് ചാർജ്ജ്ചെയ്യപ്പെട്ടിരിക്കുന്നിടത്ത്, അയാറംക്ക് താൻ മുറപ്രകാരം കൊടുക്കുന്ന പരാതിയിൻമേലും യഥാർത്ഥ കുററക്കാരനായി താൻ ചാർജ്ജ്ചെയ്യുന്ന മറേറതെങ്കിലും ആളെ ചാർജ്ജ് കേറംക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയത്ത്, കോടതി മുമ്പാകെ വരുത്താനുള്ള തൻെറ ഉദ്ദേശ്യത്തെക്കുറിച്ച് പരാതിക്കാരന് മൂന്ന് പൂർണ്ണദിവസത്തിൽ കുറയാത്ത നോട്ടീസ് കൊടുക്കുന്നതിൻമേലും അപ്രകാരം വരുത്താൻ അവകാശം ഉണ്ടായിരിക്കുന്നതും; കുററം ചെയ്തത് തെളിയിക്കപ്പെട്ടതിനുശേഷം, നിയോജകൻ —

(ക) ഈ ആക്ററ് നടപ്പിലാക്കിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്നും;

(ഖ) തൻെറ അറിവോ, സമ്മതമോ മൗനാനുവാദമോ കൂടാതെ മുൻപറഞ്ഞ മറേറ ആറം പ്രശ്നവിഷയകമായ കുററം ചെയ്തുവെന്നും;

കോടതിക്ക് ബോദ്ധ്യമാകുന്നവിധം തെളിയിക്കുന്നുവെങ്കിൽ, ആ മറേറആറം ആ കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നതും, അയാറം നിയോജകൻ ആയിരുന്നാലെന്നപോലെ സദൃശ ശിക്ഷയ്ക്കു അർഹനായിരിക്കുന്നതും നിയോജകൻ അങ്ങനെയുള്ളകുററം സംബന്ധിച്ച് ഈ ആക്ററിൻകീഴിലുള്ള ഏതു ബാദ്ധ്യതയിൽനിന്നും ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്നതുമാകുന്നു:

എന്നാൽ മേല്പറഞ്ഞതുപോലെ തെളിയിക്കാൻ ഉദ്യമിക്കുന്നതിൽ, നിയോജകനെ ശപഥത്തിൻമേൽ വിസ്തരിക്കാവുന്നതും അയാളുടെ തെളിവും, തനിക്കു തുണയായി അയാറം വിളിക്കുന്ന ഏതെങ്കിലും സാക്ഷിയുടെ തെളിവും, അയാറം

യഥാർത്ഥ കുറ്റക്കാരനായി ചാർജ്ജ്ചെയ്യുന്ന ആൾക്കു വേണ്ടിയുള്ളതും പ്രാസിക്യൂട്ടറാലുള്ളതുമായ എതിർവിസ്താരത്തിന് വിധേയമായിരിക്കുന്നതുമാണ്:

എന്നുമാത്രമല്ല, നിയോജകൻ യഥാർത്ഥ കുറ്റക്കാരനായി ചാർജ്ജ് ചെയ്യുന്ന ആളെ, ചാർജ്ജ് കേൾക്കാൻ നിശ്ചയിച്ചിട്ടുള്ള സമയത്ത് കോടതിമുമ്പാകെ കൊണ്ടുവരാൻ കഴിയുന്നില്ലെങ്കിൽ, കോടതി, വിചാരണ അതത്സമയം മൂന്നുമാസത്തിൽ കവിയാത്തകാലം നീട്ടിവയ്ക്കേണ്ടതും, മുൻപറഞ്ഞ കാലം അവസാനിച്ചിട്ടും യഥാർത്ഥ കുറ്റക്കാരനായി ചാർജ്ജ്ചെയ്യപ്പെട്ട ആളെ കോടതി മുമ്പാകെ കൊണ്ടുവരാൻ കഴിയുന്നില്ലെങ്കിൽ, കോടതി നിയോജകന് എതിരായുള്ള ചാർജ്ജ് കേൾക്കാൻ നടപടി തുടരേണ്ടതും, കുറ്റം തെളിയിക്കപ്പെടുന്നുവെങ്കിൽ നിയോജകനെ കുറ്റസ്ഥാപനം ചെയ്യേണ്ടതും ആകുന്നു.

11. കുറ്റങ്ങൾ നടപടിയ്ക്കെടുക്കൽ.—(1) യാതൊരു കോടതിയും സമുചിത ഗവൺമെന്റോ അതിന്റെ പ്രാധികാരത്തിൻകീഴിലോ കൊടുക്കുന്ന പരാതിയിൻമേലല്ലാതെ, ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം നടപടിക്കെടുക്കാൻ പാടുള്ളതല്ല:

എന്നാൽ നിർണ്ണയിക്കപ്പെട്ട സമയം കഴിയുന്നതുമുതൽ ആറുമാസത്തിനുള്ളിൽ ഗ്രാറ്റുവിറ്റിയുടെ തുക കൊടുക്കുകയോ വസൂലാക്കുകയോ ചെയ്തിട്ടില്ലാത്തിടത്ത്, നിയോജകനെ എതിരായി പരാതി കൊടുക്കാൻ സമുചിത ഗവൺമെന്റ് നിയന്ത്രണാധികാരസ്ഥാനത്തിന് പ്രാധികാരം നല്കേണ്ടതും, അതോടെ നിയന്ത്രണാധികാരസ്ഥാനം, അങ്ങനെ പ്രാധികാരം നല്കിയതുമുതൽ പതിനഞ്ചുദിവസത്തിനുള്ളിൽ ആ കുറ്റം വിചാരണചെയ്യാൻ അധികാരിതയുള്ള ഒരു മജിസ്ട്രേട്ടിന്, അങ്ങനെയുള്ള പരാതികൊടുക്കേണ്ടതും ആകുന്നു.

(2) ഒരു പ്രസിഡൻസി മജിസ്ട്രേട്ടിന്റെയോ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടിന്റെയോ കോടതിയിലും താഴെയുള്ള യാതൊരു കോടതിയും, ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

12. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന പ്രവൃത്തിയ്ക്കുള്ള സംരക്ഷണം.

ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെങ്കിലും നിയന്ത്രണാധികാരസ്ഥാനത്തിനോ മറ്റേതെങ്കിലും ആൾക്കോ എതിരായിട്ടുള്ള യാതൊരു വ്യവഹാരവും, അല്ലെങ്കിൽ മറ്റുനിയമനടപടിയും നിലനില്ക്കുന്നതല്ല.

13. ഗ്രാറ്റുവിറ്റിയുടെസംരക്ഷണം.— ഈ ആക്റ്റിൻകീഴിൽ കൊടുക്കേണ്ട യാതൊരു ഗ്രാറ്റുവിറ്റിയും ഏതെങ്കിലും സിവിൽക്കോടതിയുടേയോ, റവന്യൂകോടതിയുടേയോ ക്രിമിനൽ കോടതിയുടേയോ ഏതെങ്കിലും വിധിയുടേയോ ഉത്തരവിന്റെയോ നടത്തലിൽ ജപ്തി ചെയ്യാവുന്നതല്ല.

14. ആക്റ്റിന് മറ്റ് അധിനിയമങ്ങൾ മുതലായവയുടെമേൽ അധിപ്രഭാവമുണ്ടെന്ന്.— ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലേയോ വ്യവസ്ഥകൾക്ക്, അവയ്ക്കു വിപരീതമായി ഈ ആക്റ്റ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിലോ അല്ലെങ്കിൽ ഈ ആക്റ്റ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിന്റെ ബലത്തിൽ പ്രഭാവം ഉണ്ടായിരിക്കുന്ന ഏതെങ്കിലും പ്രമാണത്തിലോ, കാൺട്രാക്റ്റിലോ എന്തുതന്നെയടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

15. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സമുചിത ഗവൺമെൻറിന്, വിജ്ഞാപനം വഴി, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്കു വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടു പിന്നീടുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്യപ്പെട്ടിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.